LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച

63(64) ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ ഏറ്റവുമൊടുവിൽ സന്ദർശിച്ചത് എപ്പോഴായിരുന്നു ;

(ബി) ആ സന്ദർശനവേളയിൽ സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകണ്ടായി ;

(സി) ഉന്നയിച്ച ഏതെല്ലാം വിഷയങ്ങളിൽ ഉറപ്പ് ലഭിച്ചിരുന്നു :

(ഡി) പ്രധാനമന്ത്രി, മുഖ്യമന്ത്രിയ്ക്ക് നൽകിയ ഏതെല്ലാം ഉറപ്പുകൾ ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നു ; വ്യക്തമാക്കാമോ ; നടപ്പിലാക്കിയവ ഏതെല്ലാം എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 28-5-2015-നാണ് മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ ഏറ്റവും ഒടുവിൽ സന്ദർശിച്ചത്.

(ബി) 61 ദിവസത്തെ മത്സ്യബന്ധന നിരോധനം 47 ദിവസമാക്കി ചുരുക്കുക, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള സെൻട്രൽ ഗ്രാന്റ് 75 ശതമാനമായി പുനഃസ്ഥാപിക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയുടെ ലഭ്യത ഉറപ്പുവരുത്തുക, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ തുടങ്ങിയവയാണ് പ്രധാനമന്ത്രിയോട് ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ.

(സി&ഡി) സംസ്ഥാനം ഉന്നയിച്ച എല്ലാ കാര്യങ്ങളും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പരിപാടികളും മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി തീർപ്പാക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

കുരുതൽ 2015

64 (66) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കുരുതൽ 2015-ൽ എത്ര പേരിൽ നിന്നാണ് മുഖ്യമന്ത്രി അപേക്ഷ സ്വീകരിച്ചത് ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) എത്ര അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിച്ചു ;

(സി) ആകെ എത്ര ഇക വിതരണം ചെയ്യുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പാലക്കാട് ഒഴികെ മറ്റ് 13 ജില്ലകളിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 58,33,61,500 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

കരുതൽ 2015

65(67) ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കരുതൽ 2015-ൽ കൊല്ലം ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചു എന്നറിയിക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കരുതൽ 2015-ന്റെ ഭാഗമായി എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചു എന്നറിയിക്കാമോ ;

(ഡി) ധനസഹായത്തിനുവേണ്ടി ലഭിച്ച അപേക്ഷകളിൽ സഹായം അനുവദിക്കാത്ത അപേക്ഷകൾ എത്രയെന്നറിയിക്കാമോ ; പ്രസ്തുത അപേക്ഷകളിൽ ധനസഹായം അനുവദിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ;

(ഇ) കരുതൽ 2015 കൊല്ലത്ത് സംഘടിപ്പിച്ചതിനുള്ള ചെലവ് എത്ര എന്നറിയിക്കാമോ ;

(എഫ്) ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ സമർപ്പിച്ച വിവിധ പരാതികളിൽ തീർപ്പ് ഉണ്ടായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ 49,985 അപേക്ഷകൾ ലഭിച്ചു.

(ബി) ഓൺലൈൻ മുഖാന്തിരം ലഭിച്ച മുഴുവൻ അപേക്ഷകളിലും നടപടി പൂർത്തിയായിട്ടുണ്ട്. നേരിട്ട് ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly